LIBRARY ARCHIVES Kerala Legislative Assembly

ഗ്രാമപഞ്ചായത്ത് മെമ്പർമാർക്ക് ലോൺ സൗകര്യം

385 (5110) ശ്രീ. കെ. പി. എ. മജീദ് : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്ത് മെമ്പർമാർക്ക് മൂന്ന് ശതമാനം പലിശനിരക്കിൽ വീട്, വാഹന ലോൺ സൗകര്യം അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

പരിഗണനയിലില്ല.

കേന്ദ്രം പാസ്സാക്കിയ മാതൃകാ വാടക നിയമം

386 (5111) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) കേന്ദ്രം പാസ്സാക്കിയ മാതൃക വാടക നിയമം സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾക്ക് അനുസൃതമാണോയെന്ന് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

വിലയിരുത്തിയിട്ടുണ്ട്. കേന്ദ്രസർക്കാർ 2-6-2021-ൽ അംഗീകരിച്ച Model Tenancy Act-ന്റെ കരട് സംസ്ഥാനത്തിന്റെ അഭിപ്രായത്തിനായി കേന്ദ്ര സർക്കാരിന്റെ ഭവനവും നഗരകാര്യവും മന്ത്രാലയത്തിൽനിന്നും ലഭ്യമാക്കിയിരുന്നു. പ്രസ്തുത Model Act അതത് സംസ്ഥാനത്ത് ഈ വിഷയവുമായി ബന്ധപ്പെട്ട് നിലവിലുള്ള ആക്ടുകളെ റദ്ദ് ചെയ്തുകൊണ്ട് പുതിയ ആക്ട് സംസ്ഥാനങ്ങളിൽ കൊണ്ടുവരുന്നത് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ നിയമവകുപ്പിന്റെ അഭിപ്രായം പരിഗണിച്ച് 1965-ലെ കേരളാ കെട്ടിടങ്ങൾ (പാട്ടവും വാടക നിയന്ത്രണവും) നിയമം കാലാനുസൃതമായി പരിഷ്കരിച്ച് സർക്കാർ കൊണ്ടുവരാനുദ്ദേശിക്കുന്ന കേരളാ കെട്ടിടങ്ങൾ (പാട്ടവും അടിസ്ഥാന വാടകയും മറ്റു സൗകര്യങ്ങളും) ബില്ലിൽ Model Tenancy Act -ലെ വ്യവസ്ഥകൾക്കനുസൃതമായി ആവശ്യമായ ഭേദഗതി വരുത്തുന്നതിന് ഹൗസിംഗ് കമ്മീഷണർക്ക് നിർദ്ദേശം നൽകിയിരുന്ന സാഹചര്യത്തിൽ സർക്കാർ സ്വീകരിച്ചുവരുന്ന നടപടി സംബന്ധിച്ചും, കൂടാതെ കരട് ചട്ടത്തിലെ സ്വീകാര്യമായ വ്യവസ്ഥകളും അതിനൊപ്പം പരിഗണിച്ച് ഉൾപ്പെടുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ചും കേന്ദ്രസർക്കാരിനെ അഭിപ്രായം അറിയിച്ചിരുന്നു.

(ബി) പ്രസ്തുത നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നത് സംബന്ധിച്ച് സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഇല്ല.

(സി) എങ്കിൽ സംസ്ഥാന താൽപ്പര്യത്തിനനുസൃതമായി പുതിയ നിയമ നിർമ്മാണം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

കേന്ദ്ര സർക്കാരിന്റെ ഭവനവും നഗരകാര്യവും മന്ത്രാലയത്തിൽനിന്നും ലഭ്യമാക്കിയ 2021-ലെ Model Tenancy Act ന്റെ പകർപ്പ് ഹൗസിംഗ് കമ്മീഷണർക്ക് ലഭ്യമാക്കുകയും, 1965-ലെ കേരള കെട്ടിടങ്ങൾ (പാട്ടവും വാടക നിയന്ത്രണവും) നിയമം പരിഷ്കരിച്ച് സർക്കാർ കൊണ്ടുവരാനുദ്ദേശിക്കുന്ന കേരളാ കെട്ടിടങ്ങൾ (പാട്ടവും അടിസ്ഥാന വാടകയും മറ്റു സൗകര്യങ്ങളും) ബില്ലിൽ 2021-ലെ Model Tenancy Act -ലെ വ്യവസ്ഥകൾക്കനുസൃതമായി ആവശ്യമായ മാറ്റങ്ങൾ വരുത്തി പുതുക്കിയ കരട് ലഭ്യമാക്കുവാൻ ഹൗസിംഗ് കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

പഞ്ചായത്ത് വകുപ്പിലെ ഒഴിവുകൾ

387 (5112) ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023 ഡിസംബർ മാസം വരെ പഞ്ചായത്ത് വകുപ്പിൽ വരാവുന്ന റിട്ടയർമെന്റ് ഒഴിവുകളുടെ എണ്ണം തസ്തിക തിരിച്ച് നൽകാമോ?

തസ്തികയുടെ പേര്	ഒഴിവുകളുടെ എണ്ണം
(1)	(2)
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ	1
സീനിയർ സൂപ്രണ്ട് / പെർഫോമൻസ് ആഡിറ്റ് സൂപ്പർവൈസർ	18
സെക്രട്ടറി	203
അസിസ്റ്റന്റ് സെക്രട്ടറി/ജൂനിയർ സൂപ്രണ്ട്	146
ഹെഡ് ക്ലാർക്ക്	9
അക്കൗണ്ടന്റ്	30

LIBRARY ARCHIVES Kerala Legislative Assembly